നമ്പർ : 3/2019

# ദൈവകൃപയാൽ
# നിരണം ഭദ്രാസന മെത്രാപ്പോലീത്തായും
# അഖില മലങ്കര ഓർത്തഡോക്സ് ക്രൈസ്തവ
# യുവജനപ്രസ്ഥാനം പ്രസിഡന്റുമായ
# യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്തായിൽ നിന്നും

നമുക്കെത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ എല്ലാ പള്ളി വികാരിമാരും സഹവികാരിമാരും പള്ളി കൈസ്ഥാനികളും യുവജനപ്രസ്ഥാനം ഭാരവാഹികളും പ്രവർത്തകരും കൂടി കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്

പ്രിയരെ,

ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനത്തിന്റെ ജീവൻ കുടികൊള്ളുന്നത് അതിന്റെ അടിസ്ഥാന ഘടകമായ യൂണിറ്റുകളിലാണല്ലോ. കാര്യക്ഷമമായ പ്രവർത്തനങ്ങളിലൂടെ യൂണിറ്റ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന ബഹു. യൂണിറ്റ് പ്രസിഡന്റ് വൈദീകരേയും ഭാരവാഹികളെയും പ്രവർത്തകരേയും നാം പ്രത്യേകം അനുമോദിക്കുന്നു. ആരാധന, പഠനം, സേവനം എന്നീ ആപ്ത വാക്യങ്ങൾ ആണല്ലോ നമ്മുടെ ആധാരം. ഈ വർഷത്തെ നമ്മുടെ ചിന്താവിഷയമായ ''ക്രിസ്തുവിൽ വേരൂന്നി വളരുക'' "Rootted and built up in Chirst" (കൊലോസ്യർ 2:7) എന്നതിനെ അടിസ്ഥാനമാക്കിയ പഠന ബുക്ക് എല്ലാ യൂണിറ്റുകൾക്കും അയച്ചു തന്നിരുന്നു. ഈ വർഷം ജനുവരി 25നു ശേഷം യൂണിറ്റ് യോഗങ്ങൾ കൂടുന്ന ദിവസങ്ങളിൽ കൊലോസ്യ ലേഖനം ഓരോ അധ്യായങ്ങളായി വായിച്ച് പഠിക്കുവാൻ ശ്രമിക്കണം. ബഹു.യൂണിറ്റ് പ്രസിഡന്റ് അച്ചന്മാർ ഇതിന് നേതൃത്വം നൽകണം. യോഗങ്ങളിൽ പ്രസ്ഥാനം അംഗങ്ങൾ വി. വേദപുസ്തകവുമായി സംബന്ധിക്കണം. ഈ പഠനത്തിന്റെ പരീക്ഷ യൂണിറ്റ് തലങ്ങളിൽ ഫെബ്രുവരി 24-ാം തീയതി ഞായറാഴ്ച 2 മണി മുതൽ നടത്തുന്നതാണ്. അന്നേദിവസം യൂണിറ്റ്, ഭദ്രാസന തലങ്ങളിൽ മറ്റു പരിപാടികൾ ക്രമീകരിക്കരുത്. എഴുത്ത് പരീക്ഷകളിൽ വിജയിക്കുന്നവർക്ക് ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം സർട്ടിഫിക്കറ്റുകൾ നൽകുന്നതാണ്. ഭദ്രാസനത്തിൽ 1, 2 സ്ഥാനങ്ങൾ നേടുന്നവർക്ക് പ്രത്യേക സമ്മാനങ്ങൾ നൽകുന്നതുമാണ്. ''ഉറവയിലേക്ക്'' എന്ന ഈ വേദപഠനപദ്ധതിയിൽ എല്ലാ യൂണിറ്റ് അംഗങ്ങളും പങ്കെടുക്കണം. ഭദ്രാസന, ഡിസ്ട്രിക്ട് അടിസ്ഥാനത്തിൽ കൊലോസ്യലേഖന പഠനങ്ങൾ ക്രമീകരിക്കുന്നതിനും ചുമതലപ്പെട്ടവർ ശ്രദ്ധിക്കണം.

ജനുവരി 26 സൈനിക ഐക്യദാർഢ്യദിനമായി ആചരിക്കുന്നതാണ്. വി.നോമ്പുകൾ അനുഷ്ഠിക്കുവാൻ യുവജനപ്രസ്ഥാനം അംഗങ്ങൾക്ക് കഴിയണം. വലിയ നോമ്പിൽ എല്ലാ ദിവസവും നടത്തുന്ന അനുദിന പ്രാർത്ഥന ഈ വർഷവും തുടരണം. 2019-20 വർഷത്തെ ചിന്താവിഷയം ''**യേശുവിനെ നോക്കുക**'' Look unto Jesus (എബ്രായർ 12.2) എന്നതാണ്.

യുവജനപ്രസ്ഥാനം ഭരണഘടന അനുസരിച്ച് നമ്മുടെ ഇടവകകളിലെ ഓരോ യൂണിറ്റുകളും കേന്ദ്രത്തിൽ രജിസ്റ്റർ ചെയ്യേണ്ടതും വർഷം തോറും ഈ രജിസ്ട്രേഷൻ പുതുക്കേണ്ടതുമാണ്. എന്നാൽ പല യൂണിറ്റുകളും ഈ രജിസ്ട്രേഷൻ ഇല്ലാതെയാണ് പ്രവർത്തിക്കുന്നത്. ആയതിനാൽ രജിസ്ട്രേഷൻ നടത്തിയിട്ടില്ലാത്ത യൂണിറ്റുകൾ എത്രയും വേഗം അത് ചെയ്യുവാൻ യൂണിറ്റ് ഭാരവാഹികൾ ഉത്സാഹിക്കണം.

ശേഷം പിന്നാലെ,

ദൈവം അനുഗ്രഹിക്കട്ടെ,

2019 ജനുവരി മാസം 20-ാം തീയതി
തിരുവല്ലാ ബഥനി അരമനയിൽ നിന്നും

**യൂഹാനോൻ മാർ ക്രിസോസ്റ്റമോസ്**
**മെത്രാപ്പോലീത്ത**